**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5160** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ മടവീഴ്ച്ചമൂലമുള്ള കൃഷി നാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഈ മഴക്കാലത്ത് മടവീഴ്ച്ചമൂലം എത്ര രൂപയുടെ നാശനഷ്ടമാണ് കർഷകർക്ക് സംഭവിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ഏകദേശം 89.62 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പള്ളിപ്പാട് കൃഷി ഭവൻ പരിധിയിലെ വൈപ്പിൻകാട് വടക്ക് പാടശേഖരത്തിൽ 38 ലക്ഷം രൂപയുടെയും, പള്ളിക്കൽമുല്ലേമൂല പാടശേഖരത്തിൽ 32 ലക്ഷം രൂപയുടെയും, പനമൂട്ട്കാവ് പാടശേഖരത്തിൽ 19.62 ലക്ഷം രൂപയുടെയും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പാടശേഖരങ്ങളിലാണ് മടവീഴ്ച്ചയെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതെന്നും ഈ പാടശേഖരങ്ങൾക്ക് നിലവിൽ എന്തെങ്കിലും തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ഹരിപ്പാട് കൃഷി ഭവൻ പരിധിയിലെ വഴുതാനം പടിഞ്ഞാറ് വടക്ക്, വഴുതാനം പടിഞ്ഞാറ് തെക്ക്, നക്രാക്ക തായങ്കരി, വീയപുരം കൃഷി ഭവൻ പരിധിയിലെ ചെക്കമായിക്കരി, പള്ളിപ്പാട് കൃഷി ഭവൻ പരിധിയിലെ വൈപ്പിൻകാട് വടക്ക്, പള്ളിക്കൽമുല്ലേമൂല, പനമൂട്ട്കാവ് എന്നീ പാടശേഖരങ്ങളിലാണ് മടവീഴ്ച ഉണ്ടായിട്ടുള്ളത്. നിലവിൽ നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ഇതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മടവീഴ്ച്ചമൂലമുള്ള കൃഷിനാശം തടയുന്നതിന് ഈ പാടശേഖരങ്ങളിലെ ബണ്ടുകൾ ബലപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആർ.കെ.വി.വൈ പദ്ധതിയിൽ ബണ്ട് ബലപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ